പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1212

21.03.2013 -ൽ മറുപടിയ്ക്ക്

ലീഗൽ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. പാലോട് രവി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) ലീഗൽ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.<br><br>i) നിലവിൽ വകുപ്പിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആഫീസുകൾക്ക് സർക്കാർ സ്ഥലം കണ്ടെത്തി, കെട്ടിടം പണിത് പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br>ii) ലീഗൽ മെട്രോളജി ജനറൾ റൂൾസിൽ ഉൾപ്പെട്ടതും എന്നാൽ സംസ്ഥാനത്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമായ LPG ഡിസ്പെൻസറുകൾ, ക്ലിനിക്കൽ തെർമ്മോമീറ്ററുകൾ, ബ്ലഡ് പ്രഷർ അളക്കുന്ന Sphygmo Manometer (സ്പിഗ് മോ മാനോമീറ്റർ) വാട്ടർ മീറ്റർ എന്നിവയുടെ പരിശോധനയും മുദ്ര വയ്പ്പും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>iii) ആട്ടോറിക്ഷ/ടാക്സിമീറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ഓരോ ജില്ലയിലും പ്രത്യേകം ആഫീസുകൾ അനുവദിച്ച് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>iv) വകുപ്പിന്റെ പ്രവർത്തനങ്ങളും, സേവനങ്ങളും പൂർണ്ണമായും Operating Management System (ഓപ്പറേറ്റിംഗ് മാനേജ്മെന്റ് സിസ്റ്റം) എന്ന പുതിയ Software (സോഫ്റ്റ് വെയർ) തയ്യാറാക്കി അടുത്ത സാമ്പത്തിക വർഷത്തിൽ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. പൊതുജനങ്ങൾക്കും, വ്യാപരികൾക്കും, ലൈസൻസ് |

അപേക്ഷകൾ സമർപ്പിക്കുന്നതിനും, പാസ്സർ രജിസ്ട്രേഷൻ രജിസ്റ്റർ ചെയ്യുന്നതിനും, പരാതി നൽകുന്നതിനും, അളവ് തൂക്ക ഉപകരണങ്ങൾ പരിശോധിക്കുന്നതിനുള്ള ഫീസ് ഒടുക്കു വരുത്തുന്നതിനും, വരവ്-ചെലവ് കണക്കുകൾ Monitor (മോണിറ്റർ) ചെയ്യുന്നതിനും സർക്കാരിനു നൽകാനുള്ള ചെലവ് വിവരങ്ങൾ, കോടതി നടപടികൾ എന്നിവ യഥാസമയം നിർവ്വഹിക്കുന്നതിനും മറ്റും ഉണ്ടാകുന്ന കാലതാമസം ഇതുമൂലം ഒഴിവാക്കാൻ സാധിക്കും.

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് വകുപ്പിൽ ഇടനിലക്കാർ പ്രവർത്തിക്കുന്നത് ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതിനായി വകുപ്പിൽ ഇടനിലക്കാരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | ഉദിക്കുന്നില്ല. |
| (ഡി) | ഇടനിലക്കാർക്ക് പ്രോത്സാഹനം നൽകുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | (ഡി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ